LIBRARY ARCHIVES Kerala Legislative Assembly

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി

27 (394) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പുതുതായി ആവിഷ്കരിച്ചിരിക്കുന്ന ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജനവിഭാഗങ്ങൾക്ക് വേണ്ടിയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുള്ള കേന്ദ്ര - സംസ്ഥാന വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി 485.37 കോടി രൂപയുടെ പദ്ധതി തുകയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള വിശദ പദ്ധതി രൂപരേഖ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഗ്രാമ പ്രദേശത്തെ വൈദ്യുതി ശൃംഖലയുടെ പൊതുവായ നവീകരണ-വിപുലീകരണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ഇതോടൊപ്പം ബി.പി.എൽ. വിഭാഗക്കാർക്കുള്ള സൗജന്യ വൈദ്യുതി കണക്ഷനുകളും ലക്ഷ്യമിടുന്നു.

(സി) ആകെ പദ്ധതി തുക - 485.37 കോടി രൂപ.

60% - കേന്ദ്ര സർക്കാർ ഗ്രാന്റ്

30% - പദ്ധതി നടത്തിപ്പിനുവേണ്ടി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും എടുക്കാവുന്ന ലോൺ തുക

10% - കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്/സംസ്ഥാന വിഹിതം.

പവർ പർച്ചേസ് എഗ്രിമെന്റ്

28 (395) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പവർ ലിമിറ്റഡും വൈദ്യുതി ബോർഡുമായി ഉണ്ടാക്കിയ പവർ പർച്ചേസ് എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചോ ; എങ്കിൽ എന്നാണ് അവസാനിച്ചത്; മറ്റെന്തെങ്കിലും നടപടി സ്വീകരിക്കുകയോ പുതിയ കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടോ ;

(ബി) പുതിയ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ; വാങ്ങുന്ന വൈദ്യുതിയുടെ വിലയെത്ര?

ഉത്തരം

(എ) 31-10-2015-ൽ അവസാനിച്ചു. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 28-10-2015-ൽ OP No.34/2015-ൽ പുറപ്പെടുവിച്ച ഡെയ്‌ലി ഓർഡർ പ്രകാരം പ്രസ്തുത കരാർ 30-11-2015 വരെ നീട്ടാൻ അനുമതി നല്കിയിട്ടുണ്ട്.

(ബി) പുതിയ കരാർ ഒപ്പ് വച്ചിട്ടില്ല. വാങ്ങുന്ന വൈദ്യുതിയുടെ വിലയും മറ്റു നിബന്ധനകളും സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അന്തിമ വിധി അനുസരിച്ച് മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡ്

29 (396) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡിന്റെ നിലവിലുള്ള ബാധ്യതകൾ ഇനംതിരിച്ച് വിശദമാക്കുമോ ; ഇവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വന്നു ചേർന്ന ബാധ്യതകൾ എത്രയെന്ന് വിശദമാക്കുമോ ;

(ബി) വൈദ്യുതി ചാർജിനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശിക വരുത്തിയിട്ടുള്ള തുക എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ എന്തെല്ലാം ഇനത്തിൽ എത്ര തവണ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ വർദ്ധനവിലൂടെയും എത്ര കോടി അധിക വരുമാനം ഉണ്ടായിയെന്നും വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ ആവശ്യമായിട്ടുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് കേന്ദ്രപൂളിൽ ലഭിക്കുന്നത് ; സ്വകാര്യ കമ്പനികളിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങുന്നത് എത്ര ; ഇന്നത്തെ നിലയിൽ കണക്കാക്കുമ്പോൾ 2020-21 വർഷമാകുമ്പോൾ മേൽപ്പറഞ്ഞവ ഓരോന്നും എത്രയായി മാറും ; വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള (23-11-2015-ലെ) കടബാദ്ധ്യതകൾ താഴെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly